(ഡി) ഇല്ല.

(ഇ) ഇതു സംബന്ധിച്ച് അനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ എച്ച്. എസ്. എ. (ഇംഗ്ലീഷ്) ഒഴിവുകളും ജില്ലാന്തര സ്ഥലംമാറ്റവും

124 [3303] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ഇംഗ്ലീഷ് എച്ച്. എസ്. എ. തസ്തികകളാണ് ഗവൺമെന്റ് ഹൈസ്കൂളുകളിൽ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇപ്പോൾ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്ന് അറിയിക്കുമോ;

(ബി) അന്തർ ജില്ലാ സ്ഥലംമാറ്റം വഴി കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ആയി നിയമനം ലഭിക്കാൻ ഇപ്പോൾ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, ഏതൊക്കെ ജില്ലകളിലെ സ്കൂളുകളിൽ നിന്നും ആരെല്ലാമാണ് അപേക്ഷിച്ചിട്ടുള്ളതെന്നും മുൻഗണനാക്രമത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമനം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 136 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 110 തസ്തികകളിൽ ഒഴിവുണ്ട്.

(ബി) ഒരു അപേക്ഷ മാത്രമേ ലഭിച്ചിട്ടുള്ളൂ. ശ്രീ. ചന്ദ്രൻ, തട്ടാന്റെ പോയിൽ റ്റി. എച്ച്. എസ്. തൊടിയൂർ, കൊല്ലം ജില്ല.

(സി) തസ്തിക നിർണ്ണയം പൂർത്തിയാക്കിയശേഷം മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ. അന്തർജില്ലാ സ്ഥലം മാറ്റത്തിന് ഇപ്പോൾ ജോലി നോക്കുന്ന തസ്തികയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കേണ്ടതുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. തസ്തികയിൽ ഉള്ള ഒഴിവുകൾ

125 [3305] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. തസ്തികയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ 15-1-2002-ൽ നിലവിൽ വന്ന എസ്.എസി./എസ്.റ്റി. വിഭാഗക്കാരുടെ മലയാളം എച്ച്. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നും ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മലയാളം എച്ച്.എസ്.എ. തസ്തികയ്ക്ക് ജനറൽ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിനായുള്ള എച്ച്. എസ്. എ. റാങ്ക് ലിസ്റ്റിൽനിന്ന് മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ഒഴിവുകൾ നിലവിലില്ല.

(ബി) പട്ടികജാതി .. 2

പട്ടികവർഗ്ഗം .. 1

(ആകെ മൂന്ന്) ലിസ്റ്റിന്റെ കാലാവധി 15-1-2005-ൽ അവസാനിക്കും.

(സി). ഈ നിർദ്ദേശം ചട്ടപ്രകാരം പ്രായോഗികമല്ല.

ഇടുക്കി ജില്ലയിലെ എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ റെഗുലറൈസ് ചെയ്യാനുള്ള അദ്ധ്യാപക നിയമനങ്ങൾ

126 [3306] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഏതെല്ലാം സ്കൂളുകളിലെ എത്ര അദ്ധ്യാപകരുടെ നിയമനം ഇനിയും റെഗുലറൈസ് ചെയ്യുവാനുണ്ട്;

(ബി) ഇവയിൽ ഏതെങ്കിലും സ്കൂളുകളിലെ അദ്ധ്യാപകരുടെ റെഗുലറൈസേഷന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമാണ്;

(ഡി) ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം ടീച്ചർമാരുടെ റെഗുലറൈസേഷൻ സംബന്ധിച്ച ഫയലിൽ ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്;

(ഇ) ഇതിൻമേൽ എന്നത്തേക്ക് ഉത്തരവ് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ 25 സ്കൂളുകളിൽനിന്ന് അംഗീകാരത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 38 അദ്ധ്യാപകരുടെതൊഴിച്ചുള്ള എല്ലാ നിയമനങ്ങൾക്കും അംഗീകാരം നൽകിക്കഴിഞ്ഞു. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly